"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ആയിരിക്കെ അന്തരിച്ച രാമചന്ദ്രൻ കെ-യുടെ മകൻ ശ്രീ.ബാലമുരളി സി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് നല്കിയ നിയമനാനുമതി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.187/2025/GEDN    തീയതി,തിരുവനന്തപുരം, 26-11-2025

---

പരാമർശം:-  1. 12.12.2014-ൽ ശ്രീ. ബാലമുരളി സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ.

2. 16.01.2017 ലെ സ.ഉ (കൈ) നം.2/2017/ഉ.ഭ.പ.വ.

3. 07.07.2023 ലെ സ.ഉ (കൈ) നം.96/2023/പൊ.വി.വ.

4. 27.03.2025-ലെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഡിഡിഇകെഎൻആർ/7374/2022-എ5 നമ്പർ ഉത്തരവ്.

5. 20.06.2025 ലെ സ.ഉ. (അ) നം.10/2025/ഉ.ഭ.പ.വ.

6. 18.07.2025-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/3394/2025-എ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ അസ്സിസ്റ്റന്റ് ആയിരിക്കെ അന്തരിച്ച രാമചന്ദ്രൻ കെ-യുടെ മകൻ ശ്രീ.ബാലമുരളി സി പരാമർശം (1) പ്രകാരം സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ പരിശോധിച്ച് ടിയാന് പൊതുവിദ്യാഭ്യാസ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നല്കി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശ്രീ.ബാലമുരളി സി-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ പരാമർശം (4) പ്രകാരം നിയമന ഉത്തരവ് നല്കിയിരുന്നുവെങ്കിലും നിയമന നടപടിയുടെ ഭാഗമായുള്ള സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ടിയാൻ ഹാജരാകുകയോ നിർദ്ദിഷ്ട സമയപരിധിയ്ക്കകം ജോലിയിൽ പ്രവേശിക്കുകയോ ചട്ടപ്രകാരം പ്രവേശന സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ടി നടപടികൾ പൂർത്തീകരിച്ചില്ലെങ്കിൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതാണെന്ന് പത്രവാർത്ത നല്കിയിട്ടും ടിയാന്റെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടായില്ലെന്നും ആയതിനാൽ ടിയാന്റെ നിയമനാനുമതി ഉത്തരവ് റദ്ദ് ചെയ്യണമെന്ന് പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകിയ ശ്രീ. ബാലമുരളി സി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരായിട്ടില്ല. നിയമന ഉത്തരവ് നല്കിയിട്ടും ജോലിയിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്യുകയോ ചട്ടപ്രകാരം പ്രവേശന സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ കത്ത് നൽകുകയും അതിന് ശേഷവും ടിയാൻ ഹാജരാവാതിരുന്നതിനാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്ന വാർത്ത രണ്ട് ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരാമർശം (2), (5) ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടികളും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ.ബാലമുരളി സി-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നല്കിക്കൊണ്ടുള്ള പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. നിയമന ഉത്തരവ് നിയമനാധികാരിയായ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ റദ്ദ് ചെയ്യേണ്ടതാണ്. നിയമനാനുമതി റദ്ദ് ചെയ്ത നടപടി യാതൊരു കാരണവശാലും പുന:പരിശോധിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
ഹെഡ് മാസ്റ്റർ, ഗവ: ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുന്ന്, കണ്ണൂർ
ശ്രീ.ബാലമുരളി സി, ആതിര നിവാസ്, ചാല വെസ്റ്റ്, തോട്ടട പി.ഒ, കണ്ണൂർ 670 007 (By Speed post)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പ് (20.09.2025-ലെ RuleA3/54/2025-PandARD പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 27-11-2025 10:26:58

*പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*